പാഠം 10 സെപ്തംബർ 1-7

# മൂന്നാം മിഷണറി യാത്ര

**ശബ്ബത്ത് സായാഹ്നം**

**ഈ ആഴ്ചയിലെ പഠനത്തിന്: അ.പ്ര. 18:24-28; 19; 20:7-12; 15-27; 21:1-15; 2 കൊരി. 4:8-14.**

**മനഃപാഠവാക്യം: "എങ്കിലും ഞാൻ എന്റെ പ്രാണനെ വിലയേറിയതായി എണ്ണുന്നില്ല എന്റെ ഓട്ടവും ദൈവകൃപയുടെ സുവിശേഷത്തിനു സാക്ഷ്യം പറയേണ്ടതിനു കർത്താവായ യേശു തന്ന ശുശ്രൂഷയും തികയ്ക്കണം എന്നേ എനിക്കുള്ളൂ" (അ.പ്ര. 20:24).**

ലൂക്കൊസിന്റെ വിവരണത്തിൽ, പൗലൊസിന്റെ മൂന്നാം യാത്ര ആരംഭിക്കുന്നത് ഒരു പരിധിവരെ പെട്ടെന്നായിരുന്നു. പുസ്തകം പറയുന്നത് പൗലൊസിന്റെ ശുശ്രൂഷയുടെ കേന്ദ്രമായിരുന്ന അന്ത്യോക്യയിൽ അല്പസമയം ചെലവഴിച്ചതിനുശേഷം അപ്പൊസ്തലൻ മറ്റൊരു യാത്രയ്ക്ക് തുടക്കം കുറിക്കുന്നു. എല്ലാ ശിഷ്യന്മാരെയും ശക്തീകരിപ്പാൻ നിരന്തരമായി ഗലാത്യയുടെയും ഫ്രുഗ്യയിലെ ദേശങ്ങളിലൂടെ കടന്നുപോകുന്നു" (അ.പ്ര. 18:23). അതിനാൽ ആദ്യത്തെ ആയിരത്തി അഞ്ഞൂറ് മൈലുകളിലെ യാത്ര ഒരു വാചകത്തിൽ ആവരണം ചെയ്തിരിക്കുന്നു.

അതിന്റെ കാരണം യാത്രയുടെ കേന്ദ്രബിന്ദു എഫസൊസാണ്. അവിടെയാണ് പൗലൊസ് തന്റെ യാത്രാകാലയളവിൽ മറ്റ് ഏതു പട്ടണങ്ങളിലേക്കാൾ ഏറ്റവും കൂടുതൽ സമയം ചെലവഴിച്ചത്. സുവിശേഷവേലയുടെ കാഴ്ചപ്പാടിൽ നോക്കുമ്പോൾ, എഫസൊസിലെ ശുശ്രൂഷ വളരെ ഫലവത്തായിരുന്നു, പൗലൊസിന്റെ പ്രസംഗത്തിന്റെ അലയൊലി ആസ്യ പ്രവിശ്യയിലെ എല്ലായിടങ്ങളിലും എത്തിച്ചേർന്നു (അ.പ്ര. 19:10,26). മിക്കവാറും ഈ സമയത്താണ് കൊലൊസ്യയിലും ഹിയരപൊലിയിലും ലവുദിക്യയിലും സഭകൾ സ്ഥാപിച്ചത്. ഒരുപക്ഷേ പൗലൊസിന്റെ കൂട്ടുവേലക്കാരിൽ ഒരാളായ എപ്പഫ്രാസിലൂടെ ആയിരിക്കും (കൊലൊ. 4:12,13; 1:7; ഫിലെ. 23).

ഇത് അപ്പൊസ്തലപ്രവർത്തികളിൽ രേഖപ്പെടുത്തിയിട്ടുള്ള പൗലൊസിന്റെ യാത്രകളിൽ അവസാനത്തേതാണ്. പൗലൊസ് ഈ പ്രവർത്തനം തുടങ്ങിയത് ഒരു സ്വതന്ത്ര മനുഷ്യനായിട്ടാണ്. എന്നിട്ടും ലൂക്കൊസ് മറ്റൊരു യാത്ര രേഖപ്പെടുത്തുന്നു. അത് റോമിലേക്കാണ്, പക്ഷേ ഒരു തടവുകാരനായി.

**എഫസൊസ് ഭാഗം 1**

അ.പ്ര. 18:24–28 വാക്യങ്ങളിൽ രേഖപ്പെടുത്തുന്നത് പൗലൊസ് എഫസൊസിലേക്കുള്ള യാത്രാസമയത്ത്, അപ്പല്ലൊസ് എന്നു പേരുള്ള ഒരു യെഹൂദാ വിശ്വാസി ആ പട്ടണത്തിൽ വന്നു. അവൻ എഴുത്തിലും പ്രസംഗത്തിലും നിപുണനും തിരുവചനത്തിൽ ജ്ഞാനമുള്ളവനുമായിരുന്നു. അപ്പല്ലൊസ് യേശുവിന്റെ ഒരു അനുയായി ആയിരുന്നുവെന്ന് ലൂക്കൊസ് അവനെ വിവരിക്കുന്നതിൽനിന്ന് വ്യക്തമാണ്. "അവൻ കർത്താവിന്റെ മാർഗ്ഗത്തിൽ ഉപദേശം ലഭിച്ചവനായിരുന്നു. അവൻ യേശുവിന്റെ വസ്തുത സൂക്ഷ്മമായി പ്രസ്താവിക്കുകയും ഉപദേശിക്കുകയും ചെയ്തു." (അ.പ്ര. 18:25) എന്നിട്ടും അവൻ യോഹന്നാന്റെ സ്നാനത്തെക്കുറിച്ച് മാത്രമെ അറിഞ്ഞിരുന്നുള്ളൂ. യോഹന്നാൻ സ്നാപകൻ സ്നാനം ഏല്ക്കപ്പെട്ടു. യേശുവിന്റെ ഈ ലോകജീവിതത്തിൽ അവനുമായി പരിചയമുള്ളവനായി തീർന്നു. എന്നാൽ പെന്തെക്കോസ്ത് അനുഭവങ്ങൾക്കു മുൻപ് അവിടെനിന്ന് അവൻ തിരികെ അലക്സാന്ത്രിയയിലേക്ക്  നീങ്ങിയിട്ടുണ്ടാവും.

അകിലാസും പ്രിസ്കില്ലയും തുടർന്നുള്ള നിർദ്ദേശം പൗലൊസിന് എന്തുകൊണ്ടു കൊടുക്കുമെന്ന് ഇതു വിശദീകരിക്കുന്നു. യേശു യിസ്രായേലിന്റെ മശീഹ ആയിരുന്നു എന്നു തിരുവചനത്തിൽനിന്ന് കാണിക്കാമായിരുന്നെങ്കിലും (അ.പ്ര. 18:28) യേശുവിന്റെ ശുശ്രൂഷ മുതൽ ക്രിസ്ത്യാനിത്വത്തിന്റെ വളർച്ചയ്ക്കനുസരിച്ച് അപ്പല്ലൊസും വളരേണ്ടത് ആവശ്യമായിരുന്നു. എങ്ങനെയായിരുന്നാലും അകിലാസും പ്രിസ്കില്ലയും എഫസൊസിലെ മറ്റ് വിശ്വാസികളുമൊത്ത് അപ്പല്ലൊസിനായി കൂടുതൽ കാര്യങ്ങൾ ചെയ്തു. അഖയായിലെ സഭകളെ അഭിസംബോധന ചെയ്തുകൊണ്ട് അവർ അവന് ഒരു ശുപാർശകത്ത് കൊടുത്തു (അ.പ്ര. 18:27). അത് കൊരിന്ത്യയിൽ ഫലപ്രദമായ ഒരു ശുശ്രൂഷ ചെയ്യുവാൻ അവനെ അനുവദിച്ചു (1 കൊരി. 3:4–6; 4:6; 16:12).

**വായിക്കുക: അ.പ്ര. 19:1–7 എഫസൊസിൽ എത്തിച്ചേർന്നപ്പോൾ പൗലൊസിന് എന്തു സംഭവിച്ചു?**

അപ്പല്ലൊസിന്റെ കഥ ബന്ധപ്പെട്ടിരിക്കുന്നത് പൗലൊസ് ആ പട്ടണത്തിൽ എത്തിച്ചേർന്നപ്പോൾ കണ്ടുമുട്ടിയ പന്ത്രണ്ട് പേരുടെ വിവരണവുമായിട്ടാണ്. കാരണം അവരുടെ സാഹചര്യവും ഇതുപോലെതന്നെയായിരുന്നു. "ശിഷ്യന്മാർ" ആണെന്ന അവരുടെ സംസാരവും (അ.പ്ര. 19:1) അവരോട് പൗലൊസിന്റെ ചോദ്യവും വളരെ വ്യക്തമായി കാണിച്ചുതരുന്നത് അവർ മുമ്പുതന്നെ യേശുക്രിസ്തുവിൽ  വിശ്വാസമുള്ളവരായിരുന്നു എന്നാണ്. അതേസമയം

തന്നെ പൗലൊസിനോടും അപ്പല്ലോസിനോടുമുള്ള ഉത്തരം നമ്മെ കാണിക്കുന്നത്, അവർ ആദ്യമേ യോഹന്നാൻ സ്നാപകന്റെ ശിഷ്യന്മാരായിരുന്നവരും ഇപ്പോൾ യേശുവിന്റെ ശിഷ്യന്മാരായിത്തീർന്നവരുമാണ്. അവർ പെന്തെക്കോസ്ത് അനുഭവം കൂടാതെയുള്ളവരായിരുന്നു. ദൈവവുമായി ആഴമേറിയ അനുഭവം ആസ്വദിക്കുവാൻ അവർക്ക് ഒരു അവസരം വേണമായിരുന്നു.

"എഫസൊസിൽ അവന്റെ വരവോടെ പൗലൊസ് അപ്പല്ലോസിനെപോലെ പന്ത്രണ്ട് സഹോദരങ്ങളെ കണ്ടു. യോഹന്നാൻ സ്നാപകന്റെ ശിഷ്യന്മാരായിരുന്നവർ അവനെപ്പോലെ യേശുവിന്റെ ദൗത്യത്തെക്കുറിച്ച് അല്പം അറിവ് നേടിയിരുന്നു. അവർക്ക് അപ്പല്ലോസിന്റെ കഴിവ് ഉണ്ടായിരുന്നില്ല. അവർ സ്വീകരിച്ചിരുന്ന അറിവ് അന്യസ്ഥലങ്ങളിൽ പ്രചരിക്കുവാൻ അതേ ആത്മാർത്ഥതയും വിശ്വാസവും അവർ അന്വേഷിക്കുകയായിരുന്നു."

ഈ പ്രത്യേകസാഹചര്യത്തിന്റെ വെളിച്ചത്തിൽ അവരുടെ പുതു സ്നാനം കാണാൻ നമുക്ക് കഴിയണം. അവർ മറ്റൊരു ക്രിസ്തീയ വിഭാഗത്തിൽനിന്നു വരുന്നവരോ മാനസാന്തരാനുഭവത്തിൽ നിന്നുള്ളവരോ അല്ല. അവർ ക്രിസ്ത്യാനിത്വത്തിന്റെ മുഖ്യധാരയിലേക്ക് പൂർണ്ണമായി ഒന്നാക്കപ്പെട്ടവരായിരുന്നു. അവർ ആത്മാവിനെ സ്വീകരിച്ചു അന്യഭാഷകളിൽ സംസാരിച്ചു. ഇത് അർത്ഥമാക്കുന്നത് അവർ അപ്പല്ലോസിനെപോലെയുള്ള ക്രിസ്തീയ മിഷണറിമാർ ചെയ്തതുപോലെ പോകുന്നിടത്തൊക്കെയും യേശുവിനെ സാക്ഷീകരിക്കുവാൻ പൂർണ്ണമായി ശക്തീകരിക്കപ്പെട്ടു എന്നതാണ്.

**തിങ്കൾ** **സെപ്തംബർ 3**

**എഫസൊസ് ഭാഗം 2**

എഫസൊസിലും പൗലൊസ് പരിചയിച്ചുവന്നതുപോലെ ആദ്യം യെഹൂദാപള്ളിയിൽ പ്രസംഗിക്കുക എന്ന രീതി തുടർന്നു. എതിർപ്പ് ഉയർന്നപ്പോൾ അവനും പുതിയ വിശ്വാസികളും തുറന്നൊസിന്റെ പാഠശാലയിലേക്കു മാറി. അവിടെ പൗലൊസ് രണ്ടു വർഷത്തോളം എല്ലാ ദിവസവും പ്രസംഗിച്ചു (അ.പ്ര. 19:8-10). പൗലൊസിന്റെ എഫസൊസിലെ ശുശ്രൂഷയെക്കുറിച്ചുള്ള ലൂക്കൊസിന്റെ ചുരുക്കവിവരണം. ആ പ്രവിശ്യ പൂർണ്ണമായും ശക്തിയോടെ സുവിശേഷീകരിക്കപ്പെട്ടു (അ.പ്ര. 19:10,26).

അ.പ്ര. 19:11-20 ൽ ലൂക്കൊസ് കുറച്ച് വീര്യപ്രവർത്തികളുടെ വിവരണങ്ങൾകൂടി കൂട്ടിച്ചേർക്കുന്നു. മന്ത്രവാദവും അനാചാരങ്ങളും ഒരു പരിധിവരെ സാധാരണമായിരുന്ന ഒരു പട്ടണത്തിൽ ദൈവശക്തിയുടെ വിജയത്തെ വിവരിക്കുന്നു. ദൈവത്തിന് പൗലൊസിലൂടെ സൗഖ്യം നൽകാൻ കഴിയുമെന്ന

തിൽ ഒരു സംശയവുമില്ല. എന്നാൽ അപ്പൊസ്തലർ സ്പർശിച്ച ഉറുമാലും ഉത്തരീയവും സൗഖ്യമാക്കാൻ ശക്തിയുള്ളവയായിരുന്നു എന്നത് അല്പം വിചിത്രമായി തോന്നാം, എങ്കിലും യേശു രക്തസ്രാവക്കാരിയായ സ്ത്രീയെ സൗഖ്യമാക്കിയതിന്റെ സാദൃശ്യം വഹിക്കുന്നതാണ് ഇതും (അ.പ്ര. 19:12; ലൂക്കൊ. 8:44).

എഫെസൊസിലെ അന്ധവിശ്വാസങ്ങളായിരിക്കാം അസാധാരണമായ അത്ഭുത പ്രവർത്തികളിലേക്ക് ദൈവത്തെ നയിച്ചതെന്ന് ലൂക്കൊസ് പറയുന്നു (അ.പ്ര. 19:11). ഒരു പക്ഷേ ജനത്തിന്റെ ആവശ്യങ്ങളെ അവരുടെ നിലവാരത്തിൽത്തന്നെ ദൈവം നിവർത്തിച്ചു കൊടുക്കുന്നു എന്നതിന് ഒരു ഉദാഹരണമായിരിക്കാം ഇത്.

എഫെസൊസിലെ പ്രവർത്തനത്തിന്റെ ഫലത്തിൽ സംതൃപ്തനായ പൗലൊസ് യെരൂശലേമിലേക്ക് പോകുവാൻ തീരുമാനിച്ചു (അ.പ്ര. 19:21). ഈ യാത്രയ്ക്ക് ലൂക്കൊസ് ഒരു കാരണം നൽകുന്നില്ല. എന്നാൽ പൗലൊസിന്റെ സ്വന്തം എഴുത്തിൽനിന്ന് നാം മനസ്സിലാക്കുന്നത് അവൻ അവിടെ നിന്ന് ശേഖരിച്ച ഫണ്ട് യെരൂശലേമിൽതന്നെ വിതരണം ചെയ്ത് യെരൂശലേമിലെ പള്ളിയെ പട്ടിണിയിൽനിന്ന് വിടുവിക്കാൻ അവൻ ആഗ്രഹിച്ചു എന്നതാണ് (റോമർ 15:25-27; 1 കൊരി. 16:1-3). ക്ലോദിയസിന്റെ സമയത്തെ കടുത്ത ക്ഷാമത്തിന്റെ ഒന്നാം വർഷം സാധനങ്ങളൊക്കെ ഒന്നിച്ച് ഒരു സ്ഥലത്ത് കൊണ്ടുവന്നു. ദരിദ്രരായ യെഹൂദ്യയിലെ വിശ്വാസികളെ സഹായത്തിനായുള്ള അവരുടെ അപേക്ഷയിൽ തന്റെ (ഗലാ. 2:10) അപ്പൊസ്തലത്വത്തിലുള്ള അവരുടെ വിശ്വാസം ശക്തിപ്പെടുത്താനും മിശ്രസംസ്കാരമുള്ള സഭയുടെ ഐക്യത്തിനുമുള്ള അവസരവും പൗലൊസ് കണ്ടു. അവൻ നേരിടാൻ പോകുന്ന അപകടത്തെക്കുറിച്ച് അവന് അറിയാമായിരുന്നു (അ.പ്ര. 20:22,23; റോമർ 15:31).

**വായിക്കുക: അ.പ്ര. 19:23-41 പൗലൊസ് എഫെസൊസിൽ താമസിച്ച അവസാനസമയത്ത് അവനെതിരെ ഉയർന്ന എതിർപ്പിന്റെ യഥാർത്ഥ കാരണം എന്തായിരുന്നു?**

എതിർപ്പ് ഉണ്ടായത് ജാതീയ ആരാധനയെ സംബന്ധിച്ചായിരുന്നു. പൗലൊസ് അതിനെ നിശിതമായി വിമർശിച്ചിരുന്നു. ദെമേത്രിയൊസിന്റെ യഥാർത്ഥ ലക്ഷ്യം വ്യക്തമായും പണമായിരുന്നു. എന്നാൽ അതിനെ മതപരമായ ഒരു വിഷയമായി തിരിക്കാൻ സാധിച്ചു. കാരണം അർത്തമസിന്റെ (ഡയാന) ക്ഷേത്രം എഫെസൊസിലും ഉണ്ടായിരുന്നത് പുരാതനലോകത്തിലെ ഏഴ് അത്ഭുതങ്ങളിൽ ഒന്നായിരുന്നു.

**വായിക്കുക: അ.പ്ര. 19:27 പണം വരുവാനുള്ള ഒരു കാര്യത്തെ വളരെ മതപരമായ ഒരു വിഷയമായി കലാപരമായി അവതരിപ്പിക്കാൻ ദെമേത്രി**

**യൊസിന് കഴിഞ്ഞു എന്നത് ശ്രദ്ധിക്കുക? . എന്തുകൊണ്ട് ഇതേരീതിയിൽ നാം ക്രിസ്ത്യാനികൾ നമ്മുടെ വിശ്വാസത്തെ മതപരമായ എന്ന നാട്യത്തോടെ പോലും ഉപയോഗിക്കാൻ പാടില്ല?**

**ചൊവ്വ** **സെപ്തംബർ 4**

**ത്രോവാസ്**

കലഹത്തിനുശേഷം (അ.പ്ര. 19:23-41) പൗലൊസ് എഫസൊസ് വിടുവാൻ തീരുമാനിച്ചു. എന്നാൽ യെരൂശലേമിലേക്ക് നേരിട്ടുപോകാതെ (അ.പ്ര. 20:1-3) മാസിഡോണിയയും അഖയായും ചുറ്റിയാണ് പോകുവാൻ തീരുമാനിച്ചത്. ഈ യാത്രയിൽ ജാതീയവിശ്വാസികളുടെ പ്രതിനിധികളും അവനോടൊപ്പം ഉണ്ടായിരുന്നു (അ.പ്ര. 20:4).

**വായിക്കുക: അ.പ്ര. 20:7-12 ശബ്ബത്ത് ഞായറാഴ്ചയിലേക്ക് മാറ്റപ്പെട്ടു എന്ന് ഈ വാക്യങ്ങൾ തെളിയിക്കുന്നു എന്ന പൊതുവായ വാദത്തിലുള്ള തെറ്റ് എന്താണ്?**

ത്രോവാസിൽ പൗലൊസിന്റെ താല്കാലിക സന്ദർശനം ആഴ്ചവട്ടത്തിന്റെ ഒന്നാം ദിവസത്തെ കൂടിവരവോടെ അവസാനിച്ചു. അവർ കൂടി വന്നത് “അപ്പം നുറുക്കാനാണ്” പലപ്പോഴും അതിനെ തിരുവത്താഴമെന്ന സൂചനയുണ്ട്. യെരൂശലേം ദൈവാലയത്തിൽ ആദ്യകാലങ്ങളിൽ തിരുവത്താഴത്തോട് ചേർന്ന് കൂട്ടായ്മ ഉണ്ടായിരുന്നു. അതിൽ ഭക്ഷണം ഉണ്ടാകാം ഇല്ലാതെയുമാകാം (അ.പ്ര. 2:42,46). ഒരു പാനപാത്രമോ ഏതെങ്കിലും പ്രാർത്ഥനയോ അങ്ങനെയുള്ള പരാമർശങ്ങൾ ഇല്ലാത്തത് ഇതിന്റെ സാധ്യതയെ ഒഴിവാക്കുന്നില്ല. ഇവിടെ ശ്രദ്ധിക്കേണ്ട ഒരു കാര്യം ഈ ഭാഗം പലപ്പോഴും ഓർമ്മപ്പെടുത്തുന്നത് പൗലൊസിന്റെ സമയത്തുതന്നെ ജാതികളായ വിശ്വാസികൾ ശബ്ബത്ത് ആരാധന ഞായറാഴ്ചയിലേക്ക് മാറ്റിയിരുന്നു എന്നതിനു തെളിവായിട്ടുണ്ട്.

എങ്കിലും അങ്ങനെ നാം അവകാശപ്പെടുന്നതിനുമുമ്പ് തന്നെ ഈ കൂടിവരവ് കൃത്യമായി ഏതുദിവസമായിരുന്നു നടന്നത്, ആ കൂടിവരവിന്റെ സ്വഭാവം (രീതി) എങ്ങനെയുള്ളതായിരുന്നു എന്ന് സമർത്ഥിക്കേണ്ടതുണ്ട്. വിളക്കുകളെക്കുറിച്ചുള്ള പരാമർശം ഉള്ളതിനാൽ (അ.പ്ര. 20:8) പൗലൊസിന്റെ ദൂത് അർദ്ധരാത്രിയിലും തുടർന്നു (അ.പ്ര. 20:7) എന്നും, പുലരുവോളം (അ.പ്ര. 20:11) ഉണ്ടായിരുന്നു എന്നും മനസ്സിലാക്കാം. യൂത്തിക്കോസ് നല്ല ഉറക്കത്തിലായിരുന്നു എന്ന് രേഖപ്പെടുത്താനല്ല ഇത് ഇവിടെ രേഖപ്പെടുത്തുന്നത്. മറിച്ച്, ഇതൊരു രാത്രിയോഗമായിരുന്നു എന്ന് വ്യക്തമാക്കാനാണ് (അ.പ്ര. 20:9).

ഈ രാത്രി ഞായറാഴ്ചയ്ക്ക് മുമ്പുള്ളതോ ഞായറാഴ്ചയ്ക്ക് ശേഷമുള്ളതാണെങ്കിലും അതിന്റെ ഉത്തരം ലൂക്കൊസ് ഏതു സമയവ്യവസ്ഥയനുസരിച്ചാണ് കണക്കു കൂട്ടിയത് എന്നതിനെ ആശ്രയിച്ചാണ്. യെഹൂദാ രീതിയനുസരിച്ച് സൂര്യാസ്തമനം മുതൽ സൂര്യാസ്തമനം വരെയോ അതോ റോമാരീതിയനുസരിച്ച് അർദ്ധരാത്രി മുതൽ അർദ്ധരാത്രിവരെയുള്ളതോ. ഒന്നാമത്തെ രീതിയനുസരിച്ചാണെങ്കിൽ അത് ശനിയാഴ്ച രാത്രിയായിരുന്നു. അല്ല രണ്ടാമത്തെ രീതിയനുസരിച്ചാണെങ്കിൽ അത് ഞായറാഴ്ച രാത്രിയായിരുന്നു.

ഈ രണ്ടു വിധമായാലും അ.പ്ര. 20:7-12 വരെയുള്ള വാക്യങ്ങളുടെ പശ്ചാത്തലം ആ കൂടിവരവ് ഒരു ഞായറാഴ്ച രാത്രിയിലായിരുന്നെങ്കിലും അത് പതിവായി നടക്കുന്ന ഒരു കൂടിവരലായിരുന്നില്ല. പിറ്റേ പ്രഭാതത്തിൽ പൗലൊസ് യാത്ര തിരിക്കുന്നതിനാൽ നടന്ന പ്രത്യേക യോഗമായിരുന്നു. ഈ ഒറ്റപ്പെട്ട, അവിചാരിതമായ ഒരു ഭാഗം ഞായറാഴ്ച ആരാധനയെ പിൻതാങ്ങുന്നു എന്നുള്ളത് മനസ്സിലാക്കാൻ വളരെ പ്രയാസമുള്ള ഒന്നാണ്. ഇത് അങ്ങനെയല്ല എന്നതാണ് വസ്തുത.

**ഏഴാംദിന ശബ്ബത്ത് അനുസരിക്കുവാൻ സാധുതയുള്ള എല്ലാ കാരണങ്ങളിന്മേൽ കൂടുതൽ സമയം ചെലവഴിക്കുക. നമ്മെ സെവന്ത് ഡേ അഡ്വന്റിസ്റ്റ് ക്രിസ്ത്യാനികൾ എന്നു വിളിക്കുവാനും ത്രിവിധ ദൂത് ലോകത്തിൽ പ്രചരിപ്പിക്കാൻ നമുക്ക് നൽകിയിരിക്കുന്നു എന്നതിനും വേദപുസ്തകത്തിന്റെ പിൻബലം എത്രമാത്രം ശക്തമാണ്. അത് എങ്ങനെ നമ്മെ വിശ്വാസത്തിൽ ഉറപ്പിക്കുന്നു?**

**ബുധൻ** **സെപ്തംബർ 5**

**മിലേത്തൊസ്**

യെരൂശലേമിലേക്കുള്ള യാത്രയിൽ ഈ പ്രാവശ്യം പൗലൊസ് യാത്ര ഒന്നു വിരാമമിട്ടത് മിലേത്തൊസിലാണ്. അവിടെ എഫെസൊസിലെ സഭാനേതൃത്വത്തോട് തന്റെ വിടവാങ്ങൾ ദൂത് അറിയിക്കുവാനുള്ള അവസരം ലഭിച്ചു.

**വായിക്കുക: അ.പ്ര. 20:15-27 പൗലൊസിന്റെ ആമുഖ പ്രസംഗത്തിൽ പ്രാമുഖ്യം നൽകിയത് എന്തിനായിരുന്നു?**

റോമും സ്പെയ്നും ഉൾപ്പെടുത്തിക്കൊണ്ടു തന്റെ പുതിയ യാത്രയ്ക്ക് നേരത്തെ പദ്ധതിയിട്ടതിനാൽ താൻ ആസ്യയിലേക്ക് ഒരിക്കലും മടങ്ങിവരികയില്ല എന്ന് പൗലൊസ് വിശ്വസിച്ചു (റോമർ 15:22-29). അതുകൊണ്ട് പൗലൊസ് പ്രസംഗം തുടങ്ങിത് താൻ അവിടെ ചെലവഴിച്ച വർഷങ്ങളുടെ

വിവരണങ്ങളോടെയാണ്. അത്തരം ഒരു വിശദീകരണം ലക്ഷ്യമിട്ടത് അവൻ എഫസൊസിലെ ജനങ്ങളുടെ ഇടയിൽ ജീവിച്ച രീതി അറിയിക്കാൻ മാത്ര മല്ല ഒപ്പം ഭാവിയിൽ യെരൂശലേമിൽ തനിക്ക് എന്തു സംഭവിക്കുമെന്ന ഭയവും അതിലടങ്ങിയിരുന്നു.

പൗലൊസിന്റെ ഭയം അടിസ്ഥാനരഹിതമല്ലായിരുന്നു. യെരൂശലേമിലെ സഭ അവനെ സംശയത്തോടെയാണ് വീക്ഷിച്ചത്. ഒരു ശത്രുവായി അല്ലെ ങ്കിൽ, ഒരു പീഡകനായി, പരിച്ഛേദന വേണ്ടെന്ന് പ്രസംഗിച്ചവനായി അവർ അവനെ ചിത്രീകരിച്ചു (അ.പ്ര. 21:20–26).

യെഹൂദ അധികാരികൾക്ക് അവൻ ഒരു രാജ്യദ്രോഹിയും തങ്ങളുടെ വിശ്വാ സത്തെ ഉപേക്ഷിച്ചു പോയവനും ആയിരുന്നു (അ.പ്ര. 23:1,2). ഒന്നാം നൂറ്റാ ണ്ടിന്റെ മദ്ധ്യത്തോടെ റോമിന്റെ ദുർഭരണവും വിപ്ലവകരവും ദേശീയപരവു മായ ആശയങ്ങളും യെഹൂദയെയും ഗ്രസിച്ചു. ഈ അന്തരീക്ഷം യെഹൂദാ സമൂഹത്തിന്റെ എല്ലാ വിഭാഗങ്ങളെയും സ്വാധീനിച്ചിരുന്നു സഭയുൾപ്പെടെ. ഈ സാഹചര്യത്തിൽ ഒരു പരീശൻ കൂടിയായിരുന്ന പൗലൊസ് ജാതിക ളുടെ ഇടയിൽ കുപ്രസിദ്ധനായി (അ.പ്ര. 21:27–36).

പൗലൊസ് കൂടുതൽ കരുതലുള്ളവനായിരുന്നു അ.പ്ര. 20:28–31 ൽ പൗലൊസ് തന്റെ ശ്രദ്ധ കേന്ദ്രീകരിക്കുന്നത് എഫസൊസിലെ സഭാ നേതൃത്വം ദുരുപദേശക്കാരുടെ വിഷയത്തെ എങ്ങനെ കൈകാര്യം ചെയ്യും എന്നതി ലായിരുന്നു. ഇതിനെ അവൻ താരതമ്യം ചെയ്തത് ക്രൂരരായ ചെന്നായ്ക്കൾ ആട്ടിൻകൂട്ടത്തെ തെറ്റായ വഴിയിൽ നയിക്കുന്നതിനോടാണ്. അതുകൊണ്ട് ആദ്യകാലങ്ങളിൽ സഭയിൽ പോലും ദുരുപദേശക്കാർ ഒരു യാഥാർത്ഥ്യമാ യിരുന്നു. ശലോമോൻ പറഞ്ഞതുപോലെ "സൂര്യനു കീഴിൽ പുതുതായി യാതൊന്നുമില്ല" (സഭാ. 1:9). വ്യാജ ഉപദേശകർ സഭയ്ക്കുണ്ടാക്കിവെച്ച അവിശ്വസനീയമായ മുറിവ് ഒരു ക്രിസ്തീയ സഭാചരിത്രം വെളിപ്പെടുത്തുന്നു. ഈ പ്രശ്നം അവസാനം വരെയും നിലനില്ക്കും (2 തിമൊ. 4:3). അനേക കാര്യങ്ങൾ പൗലൊസിന്റെ മനസ്സിൽ ഉണ്ടായിരുന്നു. അവൻ വളരെ ആശങ്ക യുള്ളവനായിരുന്നു എന്നതിന് ചോദ്യമില്ല. എന്നിട്ടും അവന്റെ വിശ്വസ്ത തയോ ശ്രദ്ധയോ ഒരിക്കൽപ്പോലും ചാഞ്ചാടിയിട്ടില്ല.

**വായിക്കുക: 2 കൊരി. 4:8–14 നാം നമ്മിൽത്തന്നെ പ്രയോഗിക്കേണ്ട ഏതു കാര്യത്തെക്കുറിച്ചാണ് പൗലൊസ് ഇവിടെ പറയുന്നത്? പ്രത്യേ കിച്ച് പരീക്ഷകൾ വരുമ്പോൾ? എവിടെയാണ് പൗലൊസ് തന്റെ അന്തിമ പ്രത്യാശ അർപ്പിക്കുന്നത്?**

**സോറും കൈസര്യയും**

മിലേത്തൊസിനുശേഷമുള്ള പൗലൊസിന്റെ യാത്ര ലൂക്കൊസ് അല്പം വിശദീകരിക്കുന്നു. യെരൂശലേമിലേക്കുള്ള യാത്രയിൽ, കപ്പലുകൾ ചരക്ക് ഇറക്കുന്ന ഫൊയ്നീക്യൻ തീരത്തുള്ള സോറിൽ ഒരാഴ്ച താമസിച്ചു (അ.പ്ര. 21:1–6). അവൻ അവിടെയായിരുന്ന സമയം യെരൂശലേമിലേക്ക് പോകരുതെന്ന് വിശ്വാസികൾ ശക്തമായി അവനോടു പറഞ്ഞു. അപ്പൊസ്തലനായ പൗലൊസ് യെരൂശലേമിൽ പോകരുത് എന്ന മുന്നറിയിപ്പ് പരിശുദ്ധാത്മാവിന്റെ നടത്തിപ്പിനാലാണ് വിശ്വാസികൾ നല്കിയത്. അത് അവന് നേരത്തെ ലഭിച്ച നിർദ്ദേശങ്ങൾക്ക് എതിരുമായിരുന്നില്ല. ഗ്രീക്ക് ഭാഷയിൽ 'എതറ്റോ എൻറ്റു ന്യൂമാതി' (etheto ento pneumathi) അ.പ്ര 19:21 ൽ ഉപയോഗിച്ചിരിക്കുന്നത് "ശക്തമായി തീരുമാനിച്ചു, മനസ്സിൽ നിശ്ചയിച്ചു" എന്ന അർത്ഥത്തിലാണ്. അത് വിശദീകരിക്കുന്നത് പൗലൊസ് സ്വന്തമായി എത്തിച്ചേർന്ന ഒരു തീരുമാനമല്ല ഇത് എന്നാണ്. പൗലൊസിനു നേരിടേണ്ട വിപത്തുകളെ കാണിച്ചിട്ടുണ്ടാവാം ആ മാനുഷിക ആശങ്കയിൽ അവന്റെ ഉദ്ദേശം പോലെ തന്നെ മുമ്പോട്ടു പോകരുത് എന്ന് അവർ ശുപാർശ ചെയ്തു.

യെരൂശലേമിൽ തനിക്ക് എന്തു സംഭവിക്കുമെന്ന് പൗലൊസിനുതന്നെ ഉറപ്പില്ലായിരുന്നു (അ.പ്ര. 20:22,23). പൗലൊസിനെപ്പോലെ ഒരാൾക്ക് ആണെങ്കിലും സ്വർഗ്ഗീയമായ നടത്തിപ്പ് എല്ലായ്പോഴും വ്യക്തമായിരിക്കില്ല.

**വായിക്കുക: അ.പ്ര. 21:10–14 യെരൂശലേമിലേക്കുള്ള യാത്രയുമായി ബന്ധപ്പെട്ട് എന്തു പ്രത്യേക കാര്യമാണ് കൈസര്യയിൽ സംഭവിച്ചത്?**

അഗബൊസ് യെരൂശലേമിൽ നിന്നുള്ള ഒരു പ്രവാചകനായിരുന്നു, അ.പ്ര. 11:27–30 ഭാഗത്തിൽ പരിചയപ്പെടുത്തിയിട്ടുണ്ട്. ഇതും ചില പഴയനിയമ പ്രവചനങ്ങളുടെ അതേരീതിയിൽ തന്നെയുള്ളതാണ് (ഉദാഹരണത്തിന് യെശ. 20:1–6; യിരെ. 13:1–10). അവന്റെ ദൂത് സംഭവിച്ച ഒന്നാണ്. പൗലൊസ് യെരൂശലേമിൽ ചെല്ലുമ്പോൾ എന്തു സംഭവിക്കും. അവന്റെ ശത്രുക്കൾ എങ്ങനെ അവനെ ജാതികളെ (റോമക്കാർ) ഏല്പിക്കും എന്നു വ്യക്തമായി വിശദീകരിച്ചതുപോലെ സംഭവിച്ചു.

പൗലൊസിനോട് കൂടെയുണ്ടായിരുന്നവർ കൂടുതലായും അഗബൊസിന്റെ ദൂതിനെ ഒരു പ്രവചനമായിട്ടല്ല, ഒരു മുന്നറിയിപ്പായിട്ടാണ് എടുത്തത്. അതുകൊണ്ട് അവൻ യെരൂശലേമിൽ പോകരുത് എന്ന് അവനെ ബോദ്ധ്യപ്പെടുത്തുവാൻ അവൻ എല്ലാ മാർഗ്ഗത്തിലും പരിശ്രമിച്ചു. അവരുടെ പ്രതികരണം പൗലൊസിനെ ആഴമായി സ്പർശിച്ചു എങ്കിലും തന്റെ ജീവൻ വില നൽകിയാലും തന്റെ ദൗത്യം പൂർത്തീകരിക്കാൻ അവൻ തീരുമാനിച്ചു. പൗലൊ

സിന് സുവിശേഷത്തിന്റെ വ്യാപ്തിയും സഭയുടെ ഐക്യവുമായിരുന്നു തന്റെ വ്യക്തിപരമായ സുരക്ഷിതത്വത്തേക്കാൾ, താല്പര്യത്തേക്കാൾ കൂടുതൽ പ്രധാനമായത്.

"ഇതിനു മുമ്പ് ഒരിക്കൽപ്പോലും ഇത്ര വ്യസനമുള്ള ഹൃദയവുമായി അപ്പൊസ്തലൻ യെരൂശലേമിനെ സമീപിച്ചിട്ടില്ല. ചില സുഹൃത്തുക്കളെയും അനേക ശത്രുക്കളെയും അവിടെ കാണാം എന്ന് അവൻ അറിഞ്ഞിരുന്നു. ദൈവപുത്രനെ തിരസ്കരിച്ച് കൊന്ന ആ പട്ടണത്തിലേക്ക് അവൻ സമീപിച്ചുകൊണ്ടിരിക്കുകയായിരുന്നു. കൂടാതെ ഇപ്പോൾ സ്വർഗ്ഗീയ കോപത്തിന്റെ ഭീഷണിയും അതിന്റെ മേൽ തൂങ്ങിക്കിടക്കുന്നു." Ellen G. White, The Acts of the Apostles, PP. 397,398.

**തെറ്റിദ്ധാരണ, അസന്തുഷ്ടി, മോശം പെരുമാറ്റം, കടുത്ത വിമർശനം എന്നിരുന്നാൽപോലും വിശ്വാസത്തിന് ഒരു ദോഷവും വരുത്തിയില്ല. നിരുത്സാഹപ്പെടുത്തുന്ന സാഹചര്യങ്ങളിൽ പൗലൊസ് പ്രവർത്തിച്ചതുപോലെ പ്രവർത്തിക്കാൻ നാം എങ്ങനെയാണ് പഠിക്കുന്നത്?**

**വെള്ളി** **സെപ്തംബർ 7**

**കൂടുതൽ ചിന്തയ്ക്ക്**

"നിരന്തരമായ സുവിശേഷപ്രസംഗത്തിന്റെ വിജയം യെഹൂദന്മാരിൽ വീണ്ടും കോപം ഉണർത്തിച്ചു. എല്ലാ കോണുകളിൽ നിന്നും യെഹൂദന്മാർ അവരുടെ കർമ്മാചാരങ്ങളിൽനിന്ന് വിടുതൽ നൽകുന്ന പുതിയ ഉപദേശങ്ങളുടെ വ്യാപ്തിയുടെ വിവരണങ്ങൾ വന്നുകൊണ്ടിരുന്നു. ജാതികളെയും യെഹൂദന്മാരുടെ തുല്യ അവകാശങ്ങളാൽ അംഗീകരിച്ചിരുന്നു. അവരും അബ്രഹാമിന്റെ മക്കൾ.... പൗലൊസിന്റെ പ്രധാനപ്പെട്ട പ്രസ്താവന അതിൽ യവനനും യെഹൂദനും എന്നില്ല പരിച്ഛേദനയും അഗ്രചർമ്മവും എന്നില്ല (കൊലൊ. 3:11). അതിനെ ധൈര്യപൂർവ്വമായ ദൈവനിന്ദ എന്ന് അവന്റെ ശത്രുക്കൾ കരുതി. അവന്റെ ശബ്ദം ഇല്ലാതാക്കാൻ അവൻ തീരുമാനിച്ചു" Ellen G. White, The Acts of the Apostles, P. 390

അവന്റെ സ്വന്ത വിശ്വാസത്തിലുള്ള സഹോദരങ്ങളുടെ ഒത്താശയോ സഹതാപമോ കണക്കാക്കുവാൻ കഴിഞ്ഞില്ല. മാനസാന്തരമില്ലാത്ത യെഹൂദന്മാർ പൗലൊസിന്റെ വഴിയിൽ വളരെ അടുത്ത് അവനെ അനുധാവനം ചെയ്ത് യെരൂശലേമിലെ പ്രതികൂലമായ വാർത്തകളെ താമസിയാതെതന്നെ കത്തായിട്ടും വ്യക്തിപരമായും പൗലൊസിന്റെ പ്രവർത്തികളെ സംബന്ധിച്ച് വിവരങ്ങൾ കൈമാറിക്കൊണ്ടിരുന്നു. ചില അപ്പൊസ്തലന്മാരും മൂപ്പന്മാരും ഇത്തരം വാർത്തകൾ സത്യമാണ് എന്നു കരുതി സ്വീകരിച്ചു. അവരുമായി എതിർക്കു

വാൻ ഒരു ശ്രമവും നടത്തിയില്ല. അവനുമായി അനുരഞ്ജനത്തിലാകാനുള്ള ഒരു ആഗ്രഹവും പ്രകടിപ്പിച്ചില്ല. പേജ് 398.

**ചർച്ച ചെയ്യുക:**

1. എഫെസൊസിൽ പൗലൊസ് കണ്ടുമുട്ടിയ പന്ത്രണ്ട് ശിഷ്യന്മാർ മുമ്പേ യോഹന്നാൻ സ്നാപകന്റെ അനുയായികളും നേരത്തെതന്നെ യേശുവിന്റെ ശിഷ്യന്മാരായി തീർന്നവരുമാണ് (അ.പ്ര. 19:1-7). മറ്റു സഭകളിൽനിന്ന് മുഴുകൽസ്നാനം സ്വീകരിച്ചവർ അഡ്വന്റിസ്റ്റ് വിശ്വാസത്തിലേക്ക് ചേരുമ്പോൾ പുനഃസ്നാനം ആവശ്യമാണെന്നു പറയാൻ ഈ ഭാഗം ഉപയോഗിക്കുന്നത് ശരിയാണോ എന്ന് നിങ്ങൾ എന്തു ചിന്തിക്കുന്നു? അപ്പല്ലൊസ് പുനഃസ്നാനം സ്വീകരിച്ചില്ല എന്നു പറയുന്ന കാര്യത്തിൽ എന്തെങ്കിലും അർത്ഥമുണ്ടോ?

2. പൗലൊസിന്റെ സാഹചര്യത്തെക്കുറിച്ച് ചിന്തിക്കുക. യേശുവിൽ വിശ്വസിക്കാത്ത തന്റെ സ്വന്തം രാജ്യക്കാരാൽ അവൻ തിരസ്കരിക്കപ്പെട്ടു. യേശുവിൽ വിശ്വസിക്കുന്ന അനേക യെഹൂദന്മാർ പോലും അവനെ വലിയ സംശയത്തോടെയാണ് കണ്ടത്. കാരണം അവർ ചിന്തിക്കുന്നത് അവരുടെ അടയാളങ്ങളെ അവൻ വഴിതെറ്റിക്കുന്നു. അനേക പുറജാതികൾ അവൻ പ്രഖ്യാപിച്ച സുവിശേഷത്തെ വെറുത്തു. എന്നിട്ടും, എന്ത്? ഇത്രമാത്രം എതിർപ്പുകൾ ഉണ്ടായിട്ടും എന്തുകൊണ്ടാണ് പൗലൊസ് അതു തുടർന്നത്? നാം പൗലൊസ് അല്ലെങ്കിലും പൗലൊസിന്റെ കഥയിൽനിന്ന് നമുക്കുവേണ്ടി എന്താണ് എടുക്കാൻ കഴിയുന്നത്?

3. ശബ്ബത്ത് ഞായറാഴ്ചയിലേക്കു മാറ്റി, അല്ലെങ്കിൽ അത് നമുക്കു ബാധകമല്ല എന്നു തെളിയിക്കാൻ ശ്രമിക്കുന്ന ആളുകളുടെ മറ്റ് വാദങ്ങളെകുറിച്ച് ചിന്തിക്കുക.

   ശബ്ബത്ത് അനുസരിക്കുന്നത് നിയമത്തെ മാത്രം അനുസരിക്കുന്നതല്ലെന്നും, അത് മറ്റ് ഒൻപതു കല്പനകൾ അനുസരിക്കുന്നതിനേക്കാൾ കൂടുതലായി ഒന്നുമല്ലെന്നും ഇതിനെതിരേ വാദിക്കുന്നവരോട് എങ്ങനെ ഉത്തരം പറയുവാൻ കഴിയും? അതായത് നാം വിശ്വാസത്താൽ ധാരണയോടെ അനുസരിക്കുന്നുവെങ്കിൽ നമ്മുടെ രക്ഷയുടെ ഏകപ്രത്യാശ എവിടെ ആയിരിക്കുന്നു?

✪ ✪ ✪ ✪